ശ്രീ. ടി. കെ. കൃഷ്ണൻ: 5 ലക്ഷം രൂപ ചെലവാക്കി എന്നു പറഞ്ഞതു് പിരിച്ചുവിടപ്പെട്ട ആൾക്കാരുടെ കാര്യമാണോ?

ശ്രീ. സി. അച്യുതമേനോൻ: അതെ. അവർക്കു് കൊടുത്ത ശമ്പളമാണു്.

ശ്രീ. എ. വി. കുഞ്ഞാമ്പു: 51 അംഗങ്ങളടങ്ങുന്ന വിപുലമായ ഒരു അഡ്വൈസറി കമ്മിറ്റി തുടങ്ങാൻ ഇടയുണ്ടെന്നുകാണുകയുണ്ടായി. അങ്ങനെയാണെങ്കിൽ 51 അംഗങ്ങളടങ്ങിയ വിപുലമായ ഈ സമിതി മാസത്തിലൊരിക്കലെങ്കിലും യോഗം ചേരുകയാണെങ്കിൽ അതിന്റെ വരവും യോഗച്ചെലവും ഒക്കെ വച്ചുനോക്കുമ്പോൾ ഇതൊരു ചെലവുചുരുക്കൽപദ്ധതിയാണെന്നു പറയുന്നതു് ഒരു മുടന്തൻ ന്യായം പറയുകയല്ലേ ചെയ്തിട്ടുള്ളതു്? അല്ലാതെ ഇതൊരു ചെലവുചുരുക്കൽപദ്ധതി അല്ലെന്നുള്ളതു് ഗവൺമെന്റു സമ്മതിക്കുമോ?

ശ്രീ. സി. അച്യുതമേനോൻ: അഡ്വൈസറി കമ്മിറ്റി മാസംതോറും കൂടാൻ ഉദ്ദേശിക്കുന്നില്ല. 3 മാസത്തിലൊരിക്കൽ കൂടാമെന്നുമാത്രമെ ഉദ്ദേശിക്കുന്നുള്ളു. അതിന്റെ ചെലവു് ഇത്രമാത്രം വരുകയില്ല. അവർക്കു് ടി. എ. മാത്രമേ കൊടുക്കുന്നുള്ളു. എന്നുമാത്രമല്ല ചെലവുചുരുക്കൽ പദ്ധതി മാത്രമാണെന്നു ഞാൻ പറഞ്ഞതുമില്ല. പ്ലാനിംഗു് ബോർഡിന്റെ ചുമതല അതു നിർവ്വഹിച്ചുകഴിഞ്ഞു. നാലാംപദ്ധതിയുടെ കരടുരേഖ തയ്യാറാക്കിക്കഴിഞ്ഞു. ഇനി ഇതുസംബന്ധിച്ചു യാതൊരു ജോലിയും പ്ലാനിംഗു് ബോർഡിനില്ല. സർവ്വെ നടത്തുന്നതു് ബ്യൂറോ ഓഫു് എക്കണോമിക്സു് ആൻഡു് സ്റ്റാറ്റിസ്റ്റിക്സു് ആണു്. അവിടത്തെ സ്റ്റാഫിനെയൊന്നും പിരിച്ചുവിട്ടിട്ടില്ല. നോൺ ഒഫിഷ്യൽ മെംബേഴ്സിന്റെ തസ്തികമാത്രമേ നിറുത്തലാക്കിയിട്ടുള്ളു.

WRITTEN ANSWERS

കുറ്റ്യാടി ജലവൈദ്യുത പദ്ധതി

*7. [11] ശ്രീ. എം. കൃഷ്ണൻ:

ശ്രീ. വി. കുട്ടിക്കൃഷ്ണൻ നായർ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി ജലവൈദ്യുത പദ്ധതിയുടെ പ്രവർത്തനം കഴിഞ്ഞ ഒരു വർഷമായി സ്തംഭനാവസ്ഥയിലാണെന്ന വിവരം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

(ബി) ഉണ്ടെങ്കിൽ ഈ സ്തംഭനാവസ്ഥ ഒഴിവാക്കുന്നതിനു് എന്തു നടപടികളാണു് സ്വീകരിച്ചു?

മുഖ്യമന്ത്രി (ശ്രീ. സി. അച്യുതമേനോൻ):

(എ) കഴിഞ്ഞ ഒരു വർഷമായി പദ്ധതി പ്രവർത്തനങ്ങളും സൽപ്പ് മനുദഗതിയിലാണെന്നുള്ള വിവരം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടു്.

(ബി) ഇതൊഴിവാക്കുന്നതിനുവേണ്ട നടപടികളെടുക്കാൻ പോലീസു് ഐ. ജിക്കും കോഴിക്കോടു് ഡിസ്ട്രിക്റ്റു് കളക്ടർക്കും നിർദ്ദേശങ്ങളും കൊടുത്തിട്ടുണ്ടു്.

ഭരണപരിഷ്ക്കാരങ്ങൾ

*8. [17] ശ്രീ. കെ. ജി. കുഞ്ഞുകൃഷ്ണപിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) ഇന്നത്തെ മന്ത്രിസഭ അധികാരം ഏറെറടുത്തശേഷം നടപ്പിലാക്കിയിട്ടുള്ള പ്രധാനപ്പെട്ട ഭരണപരിഷ്ക്കാരങ്ങളും മന്ത്രിസഭയുടെ ഐകകണ്ഠ്യേനയുള്ള തീരുമാനപ്രകാരമാണോ എന്നു വ്യക്തമാക്കാമോ;

(ബി) ഐക്യമുന്നണി കോർഡിനേഷൻ കമ്മിറ്റിയുടെ തീരുമാന പ്രകാരമാണോ ഇവ നടപ്പിലാക്കിയിട്ടുള്ളത്;

(സി) 25–12–1969 വരെയുള്ള പരിഷ്ക്കാരങ്ങൾ ഏതെല്ലാമെന്നു പറയാമോ?

മുഖ്യമന്ത്രി (ശ്രീ. സി. അച്യുതമേനോൻ):

(എ) അതെ.

(ബി) മെമ്പർ ഉദ്ദേശിക്കുന്നത് ഐക്യ കമ്മിറ്റിയുടെ തീരുമാനങ്ങൾ എന്നായിരിക്കുമെന്നു വിശ്വസിക്കുന്നു. ആ അടിസ്ഥാനത്തിലാണ് മറുപടി പറയുന്നത്. മന്ത്രിസഭ ഇന്നിന്ന തീരുമാനങ്ങൾ എടുക്കണമെന്ന് ഐക്യകമ്മിറ്റി നിർദ്ദേശിക്കാറില്ല. പ്രധാനപ്പെട്ട നയങ്ങളെ സംബന്ധിച്ച് പൊതുവായ നിർദ്ദേശങ്ങൾ നൽകും. അവയുടെ വെളിച്ചത്തിൽ മന്ത്രിസഭ സ്വയം തീരുമാനങ്ങൾ എടുക്കുകയാണ് പതിവ്.

(സി) വിവരങ്ങൾ അടങ്ങിയ ഒരു സ്റ്റേറ്റുമെൻറ് മേശപ്പുറത്ത് വച്ചിട്ടുണ്ട്. †

മത പരിവർത്തനം ചെയ്തിട്ടുള്ളവർക്കുള്ള ആനുകൂല്യം

* 9. [19] ശ്രീ. എം. കെ. കൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും, കൃഷിയും മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതിക്കാരിൽനിന്നും മതപരിവർത്തനം ചെയ്തിട്ടുള്ളവർക്ക് എന്തെങ്കിലും പുതിയ ആനുകൂല്യം നൽകാമെന്ന് ഗവൺമെൻറ് ഉറപ്പുനൽകിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്തെല്ലാം ആനുകൂല്യമാണെന്ന് വ്യക്തമാക്കാമോ?

ജലസേചനവും കൃഷിയും മന്ത്രി (ശ്രീ. ഒ. കോരൻ):

(എ) ഉണ്ട്.

(ബി) 1. ജില്ലാതലത്തിലും സംസ്ഥാനതലത്തിലുമുള്ള ഹരിജനക്ഷേമ സമിതികളിലേക്ക് പട്ടികജാതിയിൽനിന്നും മത പരിവർത്തനം ചെയ്തിട്ടുള്ളവർക്കു കൂടി പ്രാതിനിദ്ധ്യം നൽകുക.

2. പുതിയതായി ആരംഭിക്കുന്ന ഹരിജൻ കോളനികളിൽ 5 ശതമാനം സ്ഥലം പട്ടികജാതിയിൽ നിന്നും മത പരിവർത്തനം ചെയ്തിട്ടുള്ളവർക്ക് നീക്കിവയ്ക്കുക.

3. ഭവനനിർമ്മാണത്തിനും ചെറുകിടവ്യവസായത്തിനും ഹരിജനക്ഷേമവകുപ്പിൽ നിന്നും നൽകുന്ന പലിശയില്ലാവായ്പകളും പട്ടികജാതിയിൽനിന്നും മത പരിവർത്തനം ചെയ്തിട്ടുള്ളവർക്കു കൂടി സംസ്ഥാന ഗവൺമെൻറിൻെറ സാമ്പത്തിക പരിമിതികൾക്കു വിധേയമായി നൽകുക.

---

† Appendix I

LIBRARY ARCHIVES Kerala Legislative Assembly

APPENDIX I

[Please see answer to Question No. (17) dated 12-1-1970]*

List referred to in answer to part (c) of question No. 17 (Starred) by Shri K. G. Kunjukrishna Pillai to be answered on 12-1-1970.

1. Wholesale distribution of foodgrains entrusted to the Food Corporation of India with immediate effect.
2. The Kerala Agriculturists Debt Relief Bill, 1968 has been issued as an Ordinance.
3. Decided to stand guarantee to the Reserve Bank of India on behalf of the Kerala State Co-operative Bank for a cash credit accommodation of Rs. 80 lakhs for 1969-70 for financing the Handloom Weavers' Co-operative Societies.
4. The Kerala Industrial Employees' (Payment of Gratuity) Ordinance, 1969 issued as an Ordinance.
5. Decided that the 3½ acres plots of clear felled forest lands given on lease to educated unemployed and agricultural labourers under Rubber Plantation Scheme may be given on registry at the rate of 16% of the rate per acre subject to a minimum of Rs. 40 per acre plus the prescribed premium and other charges.
6. Modifications made to pay revision orders after considering the demands made by service associations. Also decided to treat portion of D. A. as D. P. for purposes of pension and gratuity.
7. Planning Board Reorganised.
8. Three new educational Districts have been formed.
9. Recruitment to K. S. R. T. C. entrusted to the P. S. C.
10. Two new Departments viz. (i) School Education Department; and (ii) Land Reforms Department formed in the Secretariat.
11. An interim machinery set up to enquire into allegations against public men.
12. Decided to form an Urban Development Finance Corporation.
13. Decided to constitute a State Planning Advisory Council.
14. Decided to constitute a Housing Board.
15. Checkposts for movement of foodgrains abolished.
16. Decided to take over kayal lands and other lands unauthorisedly held by individuals and estate-owners and give them to landless agriculturists.
17. Decided that doctors should be transferred only after 3 years at a station.
18. A new Senate and Syndicate have been constituted for the University of Kerala.
19. The Kerala Financial Enterprises has been registered.

LIBRARY ARCHIVES Kerala Legislative Assembly